

29/11/2024

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/11/2024

1. സംസ്ഥാന കൃഷി വകുപ്പ് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന രാഷ്ട്രീയ വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന സമഗ്ര കൂൺ കൃഷി വികസന പദ്ധതിയാണ് കൂൺഗ്രാമം. കേരളത്തിൽ ഈ പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി തിരഞ്ഞെടുക്കപ്പെട്ട കാർഷിക ബ്ലോക്കുകളിൽ ആലപ്പുഴ ജില്ലയിലെ ചേർത്തല ബ്ലോക്കിനെ തെരഞ്ഞെടുത്തിട്ടുണ്ട്. ചേർത്തല കൂൺഗ്രാമം എന്ന സമഗ്ര പദ്ധതിയുടെ ഔപചാരികമായ പ്രവർത്തന ഉദ്ഘാടനം, പഞ്ചായത്ത്തല കൂൺകൃഷി കൂട്ടങ്ങളുടെ രൂപീകരണ പ്രഖ്യാപനം; ലോഗോ പ്രകാശനം എന്നിവ ഇന്ന് (2024 നവംബർ 29) രാവിലെ 10 മണിക്ക് പദ്ധതിയിലെ ഒരു വൻകിട ഉത്പാദന യൂണിറ്റിന്റെ ഗുണഭോക്താവായ മുഹമ്മ, ആര്യക്കര തോട്ടിറമ്പിൽ ഇന്ദുലേഖയുടെ കൂൺ ഉൽപ്പാദന യൂണിറ്റിന് സമീപം നടക്കുന്ന ചടങ്ങിൽ മുഹമ്മ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സ്വപ്ന ഷാബുവിന്റെ അധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നിർവ്വഹിക്കുന്നു. ഇതിനോടനുബന്ധിച്ച് 'കുൺ അധിഷ്ഠിത സംരംഭകത്വം' എന്ന വിഷയത്തിൽ സംരംഭകനായ ജഷീർ എ. കെ. ഔഷധി മഷ്റൂം യൂണിറ്റ് മലപ്പുറം നയിക്കുന്ന ചർച്ചാക്ലാസും ഉണ്ടായിരിക്കുന്നതാണ്.

2. ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പിന്നാമ്പുറങ്ങളിലെ മത്സ്യവിത്തുൽപാദനം (കരിമീൻ, വരാൽ) എന്ന പദ്ധതിക്കായി അപേക്ഷ ക്ഷണിച്ചു. യൂണിറ്റ് കോസ്റ്റ് മുന്ന് ലക്ഷം, സബ്സിഡി 40 ശതമാനം. താല്പര്യമുള്ളവർ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷകൾ ഫിഷറിസ് ഡെപ്യൂട്ടി ഡയറക്ടർ, മലമ്പുഴ, പാലക്കാട്, പിൻ 678651 എന്ന വിലാസത്തിലോ മണ്ണാർക്കാട്, ചുള്ളിയാർ, ആലത്തൂർ എന്നീ മത്സ്യഭവനുകളിലോ 2024 ഡിസംബർ ഏഴിനകം ലഭ്യമാക്കണം. ഫോൺ 04912815245

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. മൃഗസംരക്ഷണ വകുപ്പ് കാസർഗോഡ് ജില്ലയിൽ ബ്ലോക്കടിസ്ഥാനത്തിൽ നടപ്പിലാക്കിയ വീട്ടുപടിക്കൽ രാത്രികാല മൃഗചികിത്സാ സേവനം പ്രവർത്തനത്തിനായി വെറ്ററിനറി സർജൻ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ 89 ദിവസത്തേക്ക് താൽക്കാലിക നിയമനം നടത്തുന്നു. മഞ്ചേശ്വരം, കാസർകോട്, പരപ്പ, കാഞ്ഞങ്ങാട്, ബ്ലോക്കിലാണ് നിയമനം.. വെറ്ററിനറി സയൻസിൽ ബിരുദവും കേരള വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷനുമാണ് യോഗ്യത. കൂടിക്കാഴ്ച്ച 2024 ഡിസംബർ 3 ന് രാവിലെ 11 ന് കാസർഗോഡ് ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ നടക്കും. ഫോൺ 04994 255483.

4. റബ്ബർ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ നടത്തിയ കർഷകർക്ക് ധനസഹായത്തിന് അപേക്ഷിക്കാനുള്ള അവസാന തീയതി 2024 ഡിസംബർ 31 വരെ നീട്ടി. കേന്ദ്ര ഗവണ്മെന്റിന്റെ 'സർവ്വീസ് പ്ലസ്' എന്ന വെബ് പോർട്ടലിലൂടെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. 'സർവ്വീസ് പ്ലസ്' പോർട്ടലിലേക്ക് റബ്ബർബോർഡ് വെബ് സൈറ്റിലെ ഇ സർവീസസ് മെനു വഴി ലോഗിൻ ചെയ്യാം. റെയിൻഗാർഡിങ്ങിനും മരുന്നുതളിക്കുന്നതിനും റബ്ബറുത്പാദകസംഘങ്ങൾ മുഖേന നൽകുന്ന സാമ്പത്തിക സഹായങ്ങൾക്കുള്ള അപേക്ഷകളും 2024 ഡിസംബർ 31 വരെ വെബ് പോർട്ടൽ വഴി ഓൺലൈനായി സ്വീകരിക്കും. വിശദവിവരങ്ങൾ www.rubberboard.gov.in എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കും. കൂടുതൽ വിവരങ്ങൾ റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ, കേന്ദ്രഓഫീസിൽ പ്രവർത്തിക്കുന്ന കോൾസെന്റർ (04812576622) എന്നിവിടങ്ങളിൽനിന്ന് ലഭിക്കുന്നതാണ്.

5. അപേക്ഷ ക്ഷണിച്ചു ക്ഷീര വികസന വകുപ്പ് ജില്ലാ പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന 'വനിതാ ഗ്രൂപ്പുകൾക്ക് ചാണകം ഉണക്കിപൊടിച്ച് മാർക്കറ്റിംഗ് ചെയ്യുന്ന യൂണീറ്റ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

സ്ഥാപിക്കൽ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഡിസംബർ അഞ്ച് വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീര വികസന യൂണിറ്റുമായോ 8075804159 എന്ന നമ്പറിലോ ബന്ധപ്പെടാം.

## പരിശീലന പരിപാടി

6. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 'ചിപ്പി കൂൺ' കൃഷിയും സംസ്കരണ സാധ്യതകളും'എന്ന വിഷയത്തിൽ 2024 നവംബർ 30 ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300 രൂപ.താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം "തേനീച്ച വളർത്തൽ" എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 ഡിസംബർ മാസം 2 ന് ആരംഭിക്കുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ ഡിസംബർ 1 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. www.celkau.in എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ഡിസംബർ 2 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.